**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2460** **12-02-2024 - ൽ മറുപടിയ്ക്ക്**

**തെരുവുനായശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന് നിലവിലെ നിയമ വ്യവസ്ഥകൾ ഫലപ്രദമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (എ) | തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതി നിലവിലെ കേന്ദ്ര നിയമ വ്യവസ്ഥകളിലെ അപ്രയോഗികതകൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.<br><br>തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിനുള്ള പദ്ധതിയാണ് ABC പ്രോഗ്രാം. ഈ പദ്ധത പ്രകാരം മുഴുവൻ നായ്ക്കളെയു വന്ധ്യംകരിക്കുകയും, The Animal Birtl Control Rules 2023 പ്രകാര തെരുവുനായ്ക്കൾക്ക് അഭയകേന്ദ്ര സ്ഥാപിക്കുകയും ആവശ്യമായ ഭക്ഷണ നൽകുകയും ചെയ്യുന്നതിലൂടെ തെരുവുനായകളുടെ ശല്യ പരിഹരിക്കുന്നതിനും നടപടികൾ സ്വീകരി വരുന്നുണ്ട്. തെരുവുനായ്ക്കളെ ഉൾപ്പെടെ ആന്റി റാബിസ് വാക്സിനേഷന് വിധേയമാക്കുകയു വളർത്തു നായ്ക്കൾക്ക് രജിസ്ട്രേഷൻ നൽകുകയു ചെയ്യുന്നതിലൂടെ നായ്ക്കളിലൂടെ പകരുന റാബിസ് ഇല്ലാതാക്കുക എന്ന ലക്ഷ്യ മുൻനിർത്തി നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പൊതുസ്ഥലങ്ങളിൽ അറവ് മാലിന്യങ്ങളും ഭക്ഷണപദാർത്ഥങ്ങളും ഉപേക്ഷിക്കുന്നത് തെരുവു നായ്ക്കളുടെ എണ്ണം വർദ്ധിക്കുന്നതിനും അവ അക്രമകാരികളായി മാറുന്നതിനും ഇടയാക്കുന്നതിനാൽ മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കുന്നതു തടയാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | മാലിന്യങ്ങൾ പൊതു സ്ഥലങ്ങളിൽ ഉപേക്ഷിക്കുന്നത് തടയാൻ ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നുണ്ട്. ഭക്ഷണ പദാർത്ഥങ്ങളും അറവു മാലിന്യങ്ങളും ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും ഉറവിടത്തിൽ സംസ്കരിക്കാൻ സ്ഥലമില്ലാത്ത അറവുശാലകളിൽ അംഗീകൃത ഏജൻസികൾക്ക് കൈമാറി മാലിന്യ സംസ്കരണ സംവിധാനം ഉറപ്പു വരുത്തുയും ചെയ്യുന്നു. ചിക്കൻ സ്റ്റാളുകളിലെ മാലിന്യം |

| | | | |
|---|---|---|---|
| | | | റെന്റിംഗ് പ്ലാന്റുകൾക്ക് കൈമാറി ചെറിയ ജീവികൾക്കുള്ള തീറ്റയായി മാറ്റുന്നു. കൂടാതെ പൊതുസ്ഥലങ്ങളിലും ആൾപ്പാർപ്പില്ലാത്ത സ്ഥലങ്ങളിലും അറവുമാലിന്യവും ഭക്ഷണ പദാർത്ഥവും ഉപേക്ഷിക്കുന്നവർക്കെതിരെ കേരള മുനിസിപ്പാലിറ്റി ആക്ട്, കേരള പഞ്ചായത്ത് ആക്ട്, The Solid Waste Management Rules 2016 എന്നിവ പ്രകാരം പിഴ ചുമത്തുകയും കർശന നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ